Nidas

NISH Online Interactive Disability Awareness Seminar- 32

Vocational Paper (VOC)

Title: **Communication: Methods other than speech** Held On: 23rd June 2018

സംസാരത്തിലൂടെയോ എഴുത്തിലൂടെയോ അതുമല്ലെങ്കിൽ മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെ വിവരങ്ങൾ കൈമാറുന്ന പ്രക്രിയയാണ് ആശയവിനിമയം എന്ന് പറയുന്നത്. ആശയവിനിമയത്തിൻറെ ഒരു പ്രാഥമിക ഉപാധിയാണ് സംസാരം. സംസാര രീതിക്ക് പുറമെ ആശയവിനിമയം ഫലപ്രദമായി നടത്താൻ സഹായകമാകുന്ന മറ്റൊരു മാർഗ്ഗമാണ് ഓഗ്-മെൻറ്റേറ്റീവ് ആൻഡ് ആൾട്ടർനേറ്റീവ് കമ്മ്യൂണിക്കേഷൻ(എ. എ. സി.). ശരീര ഭാഷ, ആംഗ്യ ഭാഷ, ചിത്രങ്ങളും ചിഹ്നങ്ങളും ഉൾകൊള്ളുന്ന ബോർഡ്, ഇലക്ട്രോണിക് ഉപകരണങ്ങൾ- കമ്പ്യൂട്ടർ, മൊബൈൽ സാങ്കേതിക വിദ്യ, കേൾവി ശക്തിക്കായുള്ള ഉപകരണങ്ങൾ, എഴുത്തും വായനയും എന്നിവയെല്ലാം ഇതിൽ ഉൾപ്പെടുന്നു. പ്രധാനമായും രണ്ടു തരത്തിലുള്ള എ.എ.സി. രീതികൾ ആണ് ഇപ്പോൾ നിലവിലുള്ളത്.

1. അൺ എയ്ഡഡ് (ആംഗ്യങ്ങൾ, ശരീര ഭാഷ, മുഖഭാവം, ആംഗ്യഭാഷ)
2. എയ്ഡഡ് (കുറഞ്ഞ സാങ്കേതിക ഉപകരണങ്ങൾ- ആശയവിനിമയ ബോർഡ്, ഫോട്ടോഗ്രാഫുകൾ, ബിഗ് മാക്ക്, സൂപ്പർ ടോക്കർ പോലുള്ള ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഉപകരണങ്ങൾ, ഉയർന്ന സാങ്കേതിക ഉപകരണങ്ങൾ- കമ്പ്യൂട്ടർ, സ്പീച്ച് ജനറേറ്റിംഗ് ഡിവൈസുകൾ (എസ്.ജി.ഡി.)

എ.എ.സി. ഉപയോഗിക്കുന്നതിൽ വിദഗ്ദ്ധരും മാതാപിതാക്കളും പരിചരിക്കുന്നവരും പലതരത്തിലുള്ള ആശങ്കകളും പങ്കുവയ്ക്കുന്നുണ്ട്. അവയിൽ ചിലത് ചുവടെ ചേർക്കുന്നു.

കുട്ടിയുടെ സ്വാഭാവിക സംസാരശേഷി വികാസത്തെ എ.എ.സി. ഏതെങ്കിലും തരത്തിൽ തടസപ്പെടുത്തുന്നുണ്ടോ? ഇല്ല! സംസാരശേഷി കൂടാൻ കാരണമാകുന്നു. എ.എ.സി ഉപയോഗിക്കുന്നതിന് എന്തെങ്കിലും 'മുൻകരുതലുകൾ' (ഉദാ. പ്രായം അല്ലെങ്കിൽ അറിവ്) ആവശ്യമുണ്ടോ? ഇല്ല! ഏതവസരത്തിലും എ.എ.സി. സംവിധാനം ഉപയോഗപ്പെടുത്താവുന്നതാണ്. സ്വാഭാവിക സംസാര ശേഷി ഉണ്ടാകില്ല എന്ന് പൂർണമായും മനസിലായാൽ മാത്രമേ എ.എ.സി.പ്രയോജനപ്പെടുത്താൻ സാധിക്കുകയുള്ളോ? എ.എ.സി. രീതി ഉപഗോഗിക്കുന്നതിനൊപ്പം തന്നെ സ്പീച്ച് തെറാപ്പിയും നൽകാം. എ.എ.സി. വളരെയധികം ചെലവേറിയതാണോ? ഇല്ല! ചെലവ് കുറഞ്ഞ എ.എ.സി. സംവിധാനങ്ങളും ലഭ്യമാണ്. എ.എ.സി. ഉപയോഗിക്കുന്ന കുട്ടി കാഴ്ച്ചയിൽ മറ്റു കുട്ടികളിൽ നിന്നും വ്യത്യസ്തനാണ് എന്ന ധാരണ മറ്റുള്ളവരിൽ ജനിപ്പിക്കുമോ? ഇല്ല! എ.എ.സി. ഉപയോക്താക്കളെ അവരുടെ സഹപാഠികൾക്കൊപ്പം സാധാരണ ക്ലാസ്സ്മുറികളിൽ തന്നെ ഇരുത്തി പഠിപ്പിക്കാവുന്നതാണ്.

ഒരു മൾട്ടി ഡിസിപ്ലിനറി ടീമിൻറെ സമഗ്രമായ വിശകലനത്തിലൂടെ എ എ സി രീതി ഉപയോഗിക്കാനുള്ള കുട്ടിയുടെ യോഗ്യത നിർണയിക്കപ്പെടുന്നു. സ്പീച് ലാംഗ്വേജ് പാതോളജിസ്റ്റ്, ഒക്ക്യൂപെഷണൽ തെറാപ്പിസ്റ്റ്/ഫിസിയോ തെറാപ്പിസ്റ്റ്, മെഡിക്കൽ പ്രൊഫഷണലുകൾ, സോഷ്യൽ വർക്കർ, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരാണ് ടീമിൽ ഉൾപെടുന്നവർ.

മറ്റുള്ളവരുമായുള്ള ആശയവിനിമയത്തിൽ കുട്ടിക്ക് പൂർണമായും പങ്കെടുക്കാൻ കഴിയാത്തതിലുള്ള തടസങ്ങൾ, കുട്ടിയുടെ കഴിവും നിലവിലുള്ള സാഹചര്യങ്ങളും മനസിലാക്കി ഏതൊക്കെ സംവിധാനത്തിലൂടെ കുട്ടിയെ ലക്ഷ്യത്തിലേക്കു നയിക്കാൻ സാധിക്കും എന്നീ കാര്യങ്ങളാണ് പ്രധാനമായും വിശകലനത്തിലൂടെ മനസിലാക്കുന്നത്. സാധാരണ സ്പീച്ച് തെറാപ്പിയിലൂടെ ആശയവിനിമയം ഫലപ്രദമായി നടത്താൻ സാധിക്കാത്ത കുട്ടികളെ ഫലപ്രദമായും കാര്യക്ഷമമായും ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക എന്നതാണ് എ.എ.സി.യുടെ ലക്ഷ്യം. പ്രാഥമിക വിലയിരുത്തലിൻറെ അടിസ്ഥാനത്തിൽ പലതരം ഉപകരണങ്ങൾ/മാർഗ്ഗങ്ങൾ വച്ചുകൊണ്ട് പരീക്ഷണ സെഷനുകൾ നടത്തുന്നു. അവ ഉപയോക്താവിൻറെ ആവശ്യങ്ങൾ നിറവേറ്റുന്നുണ്ടെങ്കിൽ അത് തന്നെ തുടർന്നുപയോഗിക്കാൻ നിർദ്ദേശിക്കുന്നു. ഉപകരണം പ്രതീക്ഷിച്ച ഫലം നൽകുന്നില്ല എങ്കിൽ അനുയോജ്യമായ മറ്റ് ഉപകരണങ്ങൾ/മാർഗ്ഗങ്ങൾ ഉപയോഗിച്ച് പരീക്ഷണം തുടരുന്നു.

ആശയവിനിമയശേഷി വർദ്ധിപ്പിക്കുക, ഭാഷ വൈദഗ്ദ്ധ്യം വർദ്ധിപ്പിക്കുക , വെല്ലുവിളികളെ കൈകാര്യം ചെയ്യാനുള്ള മാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, സാമൂഹികമായ ഇടപെടലുകൾ സാധ്യമാകുക എന്നിവയാണ് എ.എ.സി. ഇടപെടൽ ശ്രദ്ധ കേന്ദ്രികരിച്ചിരിക്കുന്നത്.